നം. എം. 4/61333/2017/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം., തീയതി : 03.01.2018.
ഫോൺ: 0471 - 258 0595; msndpi@gmail.com.

## സർക്കുലർ

**വിഷയം :** പൊ.വി.വ. - കേരള നിയമസഭ - പാർലമെന്ററി പഠന പരിശീലനകേന്ദ്രം സ്കൂൾ വിദ്യാർത്ഥികൾക്കായി നിയമസഭ പഠന സന്ദർശന പരിപാടി സംഘടിപ്പിക്കുന്നത് - സംബന്ധിച്ച് -

**സൂചന :** 27.10.2017 ലെ ജി 3/521/2017/പൊ.വി.വ., നമ്പർ സർക്കാർ കത്ത്.

*****************************

കേരള നിയമസഭയുടെ വജ്ര ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വിദ്യാർത്ഥികളിൽ ജനാധിപത്യ ആശയങ്ങളും പാർലമെന്ററി ജനാധിപത്യ വ്യവസ്ഥിതിയെയും സംബന്ധിച്ച് അവബോധം വളർത്തുന്നതിനും നേരിട്ട് മനസിലാക്കുന്നതിനും നിയമസഭയെ അടുത്തറിയുന്നതിനുമായി പാർലമെന്ററി പഠന പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ സ്കൂൾ / കോളേജ് വിദ്യാർത്ഥികൾക്കായി പ്രത്യേക നിയമസഭാ പഠന സന്ദർശന പരിപാടി സംഘടിപ്പിക്കുന്നു. 2017 ഒക്ടോബർ മാസത്തിൽ ആരംഭിച്ചിരിക്കുന്ന പ്രസ്തുത പരിപാടിയെ സംബന്ധിച്ച വിശദ വിവരങ്ങൾ നിയമസഭാ വെബ്സൈറ്റിൽ ലഭ്യമാണ്. പ്രസ്തുത പഠന സന്ദർശന പരിപാടിയുടെ പ്രയോജനം പരമാവധി കുട്ടികൾക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

**സ്വീകർത്താവ് :**

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
4. എല്ലാ സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന).

**പകർപ്പ് :**

കരുതൽ ഫയൽ.

Scanned by CamScanner